**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**
**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3338**
**- 14.07.2015-ന് മറുപടി**
**നൽകേണ്ടത്**

## കേരള സംരംഭകത്വ വികസന മിഷൻ

| | ചോദ്യം | മറുപടി |
|---|---|---|
| | **ശ്രീ. എം.എ.വാഹിദ്** | **ശ്രീ.കെ.എം. മാണി, ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി** |
| എ | 2015-ൽ കേരള വ്യവസായ വാണിജ്യ നയരേഖയിൽ (G.O.(P) No.58/15/ID) 5.3 ഖണ്ഡികയിൽ കേരള ഫിനാൻഷ്യൽ കോർപ്പറേഷനിൽ പ്രവർത്തിച്ചുവരുന്ന കേരള സംരംഭകത്വ വികസന മിഷ (KSEDM) നെ ഒരു പ്രത്യേക വകുപ്പായി മാറ്റുമെന്ന പ്രഖ്യാപനത്തിന്മേൽ അനന്തര നടപടി സ്വീകരിച്ചിട്ടുണ്ടോ; | ധനകാര്യ വകുപ്പിൽ അനന്തര നടപടി സ്വീകരിച്ചിട്ടില്ല. |
| ബി | കേരള സംരംഭകത്വ വികസന മിഷ (KSEDM) നെ പ്രത്യേക വകുപ്പായി മാറ്റുമ്പോൾ വ്യവസായ വകുപ്പിന്റെ നിയന്ത്രണത്തിലായിരിക്കുമോ; | ബാധകമല്ല |
| സി | കേരള സംരംഭകത്വ വികസന മിഷന്റെ ആഭിമുഖ്യത്തിൽ നാളിതുവരെ എത്ര സംരംഭങ്ങൾക്ക് വായ്പ അനുവദിച്ചിട്ടുണ്ട് ; അതിൽ കെ.എഫ്.സി.യിൽ നിന്നും മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും എത്ര സംരംഭങ്ങൾക്ക് വായ്പ അനുവദിച്ചിട്ടുണ്ട് ; ആയതിന്റെ തരം തിരിച്ച കണക്കുകൾ വ്യക്തമാക്കുമോ ; | 31.05.2015-ലെ കണക്കുകൾ പ്രകാരം സംരംഭകത്വ വികസന മിഷന്റെ ആഭിമുഖ്യത്തിൽ 1044 സംരംഭങ്ങൾക്ക് വായ്പ അനുവദിച്ചിട്ടുണ്ട്. ഇതിൽ കെ.എഫ്.സി.യിൽ നിന്നും 791 സംരംഭങ്ങൾക്കും മറ്റു ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും 253 സംരംഭങ്ങൾക്കുമാണ് വായ്പ അനുവദിച്ചിട്ടുള്ളത്. |

| | | |
|---|---|---|
| ഡി | കേരള സംരംഭകത്വ വികസന മിഷനിലൂടെ നാളിതുവരെ എത്ര പേർക്ക് തൊഴിൽ ലഭിച്ചിട്ടുണ്ട്;പ്രത്യക്ഷമായും പരോക്ഷമായും ലഭിച്ച തൊഴിലവസരങ്ങളുടെ കണക്കുകൾ വ്യക്തമാക്കുമോ ; | 31.05.2015-ലെ കണക്കുകൾ പ്രകാരം സംരംഭകത്വ വികസന മിഷനിലൂടെ 5453 പേർക്ക് തൊഴിൽ ലഭിച്ചിട്ടുണ്ട്. ഇതിൽ നേരിട്ടുള്ള സംരംഭകരായ 2403 പേരെ കൂടാതെ 3050 പേർക്ക് തൊഴിൽ ലഭിച്ചിട്ടുണ്ട്. |
| ഇ | കേരള സംരംഭകത്വ വികസന മിഷന്റെ ആഭിമുഖ്യത്തിൽ കരാറടിസ്ഥാനത്തിൽ പ്രോജക്ട് എക്സിക്യൂട്ടീവ്മാരെ നിയമിച്ചിട്ടുണ്ടോ; കെ.എഫ്.സി.യുടെ എല്ലാ ബ്രാഞ്ചുകളിലും പ്രോജക്ട് എക്സിക്യൂട്ടീവ്മാരുടെ സേവനം ലഭ്യമാണോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ നൽകുമോ; | കേരള സംരംഭകത്വ വികസന മിഷന്റെ ആഭിമുഖ്യത്തിൽ കരാറടിസ്ഥാനത്തിൽ പ്രോജക്ട് എക്സിക്യൂട്ടീവ്മാരെ നിയമിച്ചിട്ടുണ്ട്. ഇപ്പോൾ കെ.എഫ്.സി.യിൽ പത്തനംതിട്ട ഒഴികെയുള്ള എല്ലാ ബ്രാഞ്ചുകളിലും പ്രോജക്ട് എക്സിക്യൂട്ടീവ്മാരുടെ സേവനം ലഭ്യമാണ്. 2013 ഡിസംബർ മുതലാണ് പ്രോജക്ട് എക്സിക്യൂട്ടീവ്മാരെ നിയമിച്ചു തുടങ്ങിയത്. ഹെഡ് ഓഫീസിൽ രണ്ടും 16 ശാഖകളിലും ആയി മൊത്തം 18 പേരെയാണ് നിയമിച്ചത്. ബി.ടെക്/എം.ബി.എ യോഗ്യതയുള്ളതും രണ്ടുവർഷത്തെ ധനകാര്യ/വ്യവസായ മേഖലയിലെ പ്രവൃത്തി പരിചയവുമാണ് യോഗ്യത. പത്തനംതിട്ട ശാഖ ഒഴികെ 17 പേരുടെ സേവനം നിലവിൽ ലഭ്യമാണ്. |
| എഫ് | കേരള സംരംഭകത്വ വികസന മിഷന്റെ ആഭിമുഖ്യത്തിൽ കരാറടിസ്ഥാനത്തിൽ പ്രോജക്ട് എക്സിക്യൂട്ടീവ്മാരെ നിയമിച്ചിട്ടുണ്ടോ; കെ.എഫ്.സി.യുടെ എല്ലാ ബ്രാഞ്ചുകളിലും പ്രോജക്ട് എക്സിക്യൂട്ടീവ്മാരുടെ സേവനം ലഭ്യമാണോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ; | |

സെക്ഷൻ ഓഫീസർ